**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 221** **10-03-2025 - ൽ മറുപടിയ്ക്ക്**

**സംയോജിത ജലവിഭവ മാനേജ്മെന്റ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ വി ജോയി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ജനസാന്ദ്രത കണക്കിലെടുത്ത് ജല മാനേജ്മെന്റ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംയോജിത ജലവിഭവ മാനേജ്മെന്റ് സംവിധാനം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതിനും പ്രാദേശിക ഉപജീവനമാർഗങ്ങളെ പിന്തുണയ്ക്കുന്നതിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിനും നദീതടങ്ങളുടെ സുസ്ഥിര പരിപാലനം നിർണായകമാണ്. ജനസംഖ്യാ വർദ്ധനവ്, വ്യാവസായികവൽക്കരണം, കാലാവസ്ഥാ വ്യതിയാനം എന്നിവയിൽ നിന്നുള്ള വർദ്ധിച്ചുവരുന്ന സമ്മർദ്ദങ്ങൾക്കൊപ്പം, ഫലപ്രദവും സംയോജിതവുമായ ജല മാനേജ്മെൻറ് എന്നത്തേക്കാളും അടിയന്തിരമായി മാറിയിരിക്കുന്നു. നദീതടങ്ങളിൽ ഉടനീളം സംയോജിത ജലവിഭവ മാനേജ്മെൻറ് (IWRM) നടപ്പിലാക്കുന്നതിനുള്ള ഒരു ആധികാരിക ഗൈഡായി സംയോജിത നദീതട സംരക്ഷണത്തിനും മാനേജ്മെൻറിനുമുള്ള പ്രവർത്തന ചട്ടക്കൂട് (OPERATIONAL FRAMEWORK FOR INTEGRATED RIVER BASIN CONSERVATION AND MANAGEMENT) തയ്യാറാക്കി വരുന്നു. നദീതട പരിപാലനത്തിന്റെ അടിസ്ഥാന മേഖലയെ അഭിസംബോധന ചെയ്യുന്ന നിരവധി പ്രധാന അധ്യായങ്ങളായാണ് ഈ ചട്ടക്കൂടിൽ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നത്. തട്ടുകളായി പ്രവർത്തിക്കുന്ന തരത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രസ്തുത ചട്ടക്കൂടിൽ ബഹു. മുഖ്യമന്ത്രിയും ധനകാര്യം, തദ്ദേശസ്വയംഭരണം, കൃഷി, പരിസ്ഥിതിമന്ത്രിമാരുൾപ്പെടെയുള്ള ബന്ധപ്പെട്ട വകുപ്പുകളിലെ മന്ത്രിമാർ ഉൾപ്പെടുന്ന അപെക്സ് കമ്മിറ്റി, അഡിഷണൽ ചീഫ് സെക്രട്ടറി മറ്റു വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടുന്ന സ്റ്റിയറിംഗ് കമ്മിറ്റി ,വകുപ്പ് തലവന്മാർ ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റി ജില്ലാതല ഉദ്യോഗസ്ഥരും കളക്ടറും ഉൾപ്പെടുന്ന റിവർ ബേസിൻ ലെവൽ കമ്മിറ്റി എന്നിവ ഉൾപ്പെടുന്നു. IWRM-ന്റെ |

| | | | |
|---|---|---|---|
| | | | ഒരു മാർഗനിർദേശ അതോറിറ്റിയായി പ്രവർത്തിക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ ചട്ടക്കൂട്, ഭരണഘടന, ആസൂത്രണ രീതികൾ, സാമ്പത്തിക മാനേജ്മെൻറ് എന്നിവയുൾപ്പെടെയുള്ള അവശ്യ ഘടകങ്ങളുടെ രൂപരേഖ നൽകുന്നു. സർക്കാർ ഏജൻസികൾ, പ്രാദേശിക സമൂഹങ്ങൾ, സിവിൽ സൊസൈറ്റി, സ്വകാര്യ മേഖല എന്നിവയ്ക്കിടയിലുള്ള സഹകരണത്തിന് ഊന്നൽ നൽകുന്നു. സുസ്ഥിര നദീതട പരിപാലനത്തിനായി എല്ലാ പങ്കാളികളും ഒരുമിച്ച് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നു. വ്യക്തമായ റോളുകളും ഉത്തരവാദിത്തങ്ങളും നിർവചിക്കുന്നതിലൂടെ, ഈ ചട്ടക്കൂട് വകുപ്പുകളിലുടനീളം യോജിച്ച പ്രവർത്തനം വർദ്ധിപ്പിക്കാനും നദീതട പരിപാലന സംരംഭങ്ങളുടെ കാര്യക്ഷമതയും സ്വാധീനവും മെച്ചപ്പെടുത്താനും ലക്ഷ്യമിടുന്നു.<br><br>സംസ്ഥാനത്തിന്റെ ജല മാനേജ്മെന്റ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി വെള്ളപ്പൊക്കവും വരൾച്ചയും ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ഭാരതപ്പുഴയുടെ നദീതട മാസ്റ്റർ പ്ലാനിന്റെ വികസനം എന്ന പഠനം ഐ. ഐ. ടി പാലക്കാടുമായി സഹകരിച്ച് നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ പൂർത്തിയായി വരുന്നു. പമ്പ, മണിമല, അച്ചൻകോവിൽ നദീതടങ്ങൾക്കായുള്ള നദീതട പദ്ധതികൾ, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രോഗ്രാമിന് കീഴിൽ നദീതടത്തിലെ വെള്ളപ്പൊക്കവും ജലസുരക്ഷയും ഫലപ്രദമായി കൈകാര്യം ചെയ്യുന്ന നടപടികൾ മിഷൻ ഡയറക്ടറേറ്റ് തയ്യാറാക്കി വരുന്നു.<br><br>ഹരിതകേരളം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇത്തരം നീർത്തട പ്ലാനുകളുടെ തുടർപ്രവർത്തനം സംയോജിത ജലവിഭവ മനേജ്മെന്റ് തത്വങ്ങൾക്കനുസരിച്ചാണ് തീരുമാനിക്കുന്നത്. |
| (ബി) | ശുദ്ധജലത്തിന്റെ മൂല്യത്തെക്കുറിച്ചും ശുദ്ധജലസമ്പത്ത് വിവേകപൂർവ്വമായി ഉപയോഗിക്കുന്നതിനെക്കുറിച്ചും ജനങ്ങൾക്ക് അവബോധം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | ശുദ്ധജലത്തിന്റെ മൂല്യത്തെക്കുറിച്ചും ശുദ്ധജലസമ്പത്ത് വിവേകപൂർവ്വമായി ഉപയോഗിക്കുന്നതിനെ ക്കുറിച്ചുമുള്ള സന്ദേശങ്ങൾ ചുവരെഴുത്തുകൾ, പോസ്റ്ററുകൾ, ലഘു ലേഖകൾ തുടങ്ങിയവ വകുപ്പിന്റെ നേതൃത്വത്തിൽ പ്രചരിപ്പിക്കാറുണ്ട്. കേരളം വേനൽക്കാലത്ത് നേരിടുന്ന ജലക്ഷാമം മുന്നിൽ കണ്ട് വിവിധ വകുപ്പുകളുമായി സംയോജിച്ച് ബോധവൽക്കരണ പ്രചരണ പരിപാടികൾ സംഘടിപ്പിക്കാറുമുണ്ട്.<br><br>ഹരിതകേരളം മിഷന്റെ ഭാഗമായി ജലമിതവ്യയത്തെ കുറിച്ചും ജലസംരക്ഷണത്തിന്റെ പ്രാധാന്യത്തെ |

ക്കുറിച്ചും അവബോധം നൽകുന്നതിനായി ‘ജലമാണ് ജീവൻ’ എന്ന പേരിൽ ഒരു കൈപ്പുസ്തകം തയ്യാറാക്കി സംസ്ഥാനത്താകെ വിതരണം നടത്തി ക്യാമ്പയിൻ നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ പരിപാടികളുടെ ഭാഗമായി നടത്തുന്ന എക്സിബിഷനുകളിൽ ഹരിത കേരളം മിഷൻ ശ്രദ്ധേയമായ സ്റ്റാളുകൾ ഒരുക്കി ജലമിതവ്യയത്തിന്റെയും ജല സംരക്ഷണത്തിന്റെയും പ്രാധാന്യം വ്യക്തമാക്കുന്ന രീതിയിൽ പോസ്റ്ററുകൾ വീഡിയോകൾ, മോഡലുകൾ എന്നിവ പ്രദർശിപ്പിക്കുകയും സന്ദർശകർക്ക് വിശദീകരിച്ച് നൽകുകയും ചെയ്യുന്നുണ്ട്. കിണറുകളിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് ജനങ്ങളുടെ ആശങ്കയകറ്റുന്നതിനും ജലഗുണനിലവാരം ഉറപ്പാക്കുന്നതിനു മായി സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു ഹയർ സെക്കൻഡറി സ്കൂളിൽ വീതം പ്രാഥമിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതി വിഹിതം, ആർ.കെ.ഐ. ഫണ്ട് എന്നിവ വിനിയോഗിച്ച് സംസ്ഥാനത്ത് നാളിതുവരെ 319 ലാബുകൾ ഇത്തരത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

ജലം കെട്ടിക്കിടന്ന് മലിനീകരിക്കപ്പെടുന്നതിനെതിരെ ‘ഇനി ഞാനൊഴുകട്ടെ’ എന്ന ക്യാമ്പയിൻ ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഈ ക്യാമ്പയിന്റെ മൂന്നാം ഘട്ടത്തിന്റെ ഭാഗമായി 2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിലായി 4095 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ഈ ക്യാമ്പയിനിൽ ഉപയോഗിക്കുന്നുണ്ട്. സംസ്ഥാനത്തെ ഭൂരിഭാഗം പ്രദേശങ്ങളിലേയും ജലസ്രോതസ്സ് ആയ ആഴം കുറഞ്ഞ കിണറുകളിൽ ജലം എത്തുന്ന ജലഭൂതങ്ങൾ മലിനീകരിക്കപ്പെടാതെ സൂക്ഷിക്കുന്നതിനാണ് മിഷൻ ഈ ക്യാമ്പയിൻ ഏറ്റെടുത്തിട്ടുള്ളത്.

“ജലനിധി” ശുദ്ധജല വിതരണ ശുചിത്വ പദ്ധതികൾ നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തുകളിലും സമീപ പ്രദേശങ്ങളിലും ശുദ്ധജലത്തിന്റെ മൂല്യത്തെക്കുറിച്ചും, ശുദ്ധജല സമ്പത്ത് വിവേകപൂർവ്വമായി ഉപയോഗിക്കുന്നതിനെക്കുറിച്ചും ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സന്നദ്ധ സംഘടനകൾ, ക്ലബുകൾ, വാർഡ് മെമ്പർമാർ,

കുടിവെള്ള ഗുണഭോക്തൃ സമിതികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

സ്കൂൾ തലത്തിൽ ജലശ്രീ ക്ലബുകൾ രൂപീകരിച്ച് കുട്ടികളിലും മാതാപിതാക്കളിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ജലശ്രീ ക്ലബുകളുടെ ലീഡർമാരെയും, അധ്യാപക കോർഡിനേറ്റർമാരെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാതലത്തിൽ മത്സര പരിപാടികളും, ബോധവൽക്കരണ ശില്പശാലകളും സംഘടിപ്പിച്ച് പ്രസ്തുത വിഷയത്തിൽ കുട്ടികളിലൂടെ സമൂഹത്തിന് സന്ദേശം കൊടുക്കുന്നതിനുള്ള പരിപാടികളും നടത്തിവരുന്നു. ഒൻപതു ജില്ലകളിൽ ഇപ്രകാരമുള്ള പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

''ജല സമൃദ്ധി'' എന്ന പേരിൽ ഒരു പ്രത്യേക പരിപാടി കമ്മ്യൂണിറ്റി റേഡിയോ വഴി ജനങ്ങളിൽ ശുദ്ധ ജലത്തിന്റെ മൂല്യത്തെക്കുറിച്ചും, ജല സംരക്ഷണത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ജലദുരുപയോഗം, ജല മലിനീകരണം തുടങ്ങിയ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി അതത് സ്ഥലത്തെ പ്രാദേശിക ഭാഷയിൽ പ്രക്ഷേപണം നടത്തിയിട്ടുണ്ട്. ''ജലനിധി'' പദ്ധതിയുടെയും ''ജലജീവൻ മിഷൻ'' പദ്ധതിയുടെയും ഭാഗമായി പ്രാദേശിക തലങ്ങളിൽ ജനങ്ങൾക്ക് ബോധവൽക്കരണം, പരിശീലനം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നതിന് കുടുംബശ്രീ സംഘങ്ങൾ, യൂത്ത് ക്ലബുകൾ, ജലശ്രീ ക്ലബുകൾ, മറ്റു സാമൂഹിക സമിതികൾ എന്നിവ നേതൃത്വം നൽകി.

നാഷണൽ ഹൈഡ്രോളജി പ്രോജക്ടിൽ ഉൾപ്പെടുത്തി ജലസേചന വകുപ്പിലെ ഹൈഡ്രോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ തൃശ്ശൂർ കോർപ്പറേഷനിലെ വിവിധ ജലസ്രോതസ്സുകളുടെ ഗുണനിലവാരം തിട്ടപ്പെടുത്തുന്ന പഠനവുമായി ബന്ധപ്പെട്ട് 22-12-2023 ന് ജലഗുണനിലവാര ബോധവത്കരണ ശില്പശാല നടത്തുകയുണ്ടായി.

എല്ലാ വർഷവും ലോക ജല ദിനത്തിനോടനുബന്ധിച്ച് ജലത്തിന്റെയും ജലസ്രോതസ്സുകളുടെയും സംരക്ഷണത്തിന്റെ പ്രാധാന്യം അടിസ്ഥാനമാക്കി ശില്പശാല സംഘടിപ്പിക്കാറുണ്ട്. സർക്കാർ സേവനങ്ങൾ പൊതുജനങ്ങളിലേയ്ക്ക് സൗജന്യമായി എത്തിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ ലോക ജലദിനത്തിനോടനുബന്ധിച്ച് തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ജലഗുണനിലവാര പരിശോധനാ കേന്ദ്രത്തിൽ 2022 മാർച്ച് 21 മുതൽ 26 വരെയുള്ള

| | | | |
|---|---|---|---|
| | | | കാലയളവിൽ തൃശ്ശൂർ ജില്ലാ നിവാസികൾക്ക് സ്വന്തം കിണറിലെ ജലം സൗജന്യമായി പരിശോധിച്ച് നൽകുകയുമുണ്ടായി.<br><br>ശുദ്ധജലത്തിന്റെ മൂല്യത്തെക്കുറിച്ചും ശുദ്ധജല സമ്പത്ത് വിവേകപൂർവമായി ഉപയോഗിക്കുന്നതിനും ജലം സംരക്ഷിക്കുന്നതിന്റെ ആവശ്യകത, ജലമലിനീകരണവും ദുരുപയോഗവും തടയുക എന്നിവയെ സംബന്ധിച്ച് ഭൂജലവകുപ്പ് മുഖേന പൊതുജനങ്ങൾ ജനപ്രതിനിധികൾ, കർഷകർ, വിദ്യാർഥികൾ എന്നിവർക്കായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കഴിഞ്ഞ നാലു വർഷങ്ങളിലായി ഭൂജല വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഇത്തരത്തിലുള്ള 220 ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും ആയതിലൂടെ ഏകദേശം 16200 ൽ അധികം പേർക്ക് ബോധവൽക്കരണം നൽകാനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ